"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോട്ടയം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - റവന്യൂ സെക്ഷൻ എൽ.ഡി.ക്ലർക്ക് ശ്രീ. ശ്രീജിത്ത് കെ.മോഹനെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2054/2025/LSGD  തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.12.2020 തീയതിയിലെ ഇ5(എസ്.സി.5/2020/ഇ.ആർ.കെ.) 7080/2020 നമ്പർ കത്ത്.
2. 02.12.2021 തീയതിയിലെ ഇയു2-246/2021/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. 02.06.2025 തീയതിയിലെ സ.ഉ(സാധാ)നം.1359/2025/LSGD.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.08.2025 തീയതിയിലെ LSGD/994/2023-VIGB6 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ റവന്യൂ 8 (R-8) സെക്ഷനിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ശ്രീജിത്ത് കെ.മോഹനെതിരായ സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ടിയാൻ 07.09.2020 തീയതി മദ്യപിച്ച ശേഷം ഡ്യൂട്ടി ചെയ്തതായി കാണപ്പെടുകയും, തുടർന്ന് മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാക്കി drunkness Certificate വാങ്ങിയതിൽ മദ്യപിച്ചതായി വ്യക്തമായിട്ടുള്ളതും ടിയാൾ ഇക്കാര്യം പരിശോധന നടത്തിയ മെഡിക്കൽ ഓഫീസർ മുമ്പാകെ സമ്മതിച്ചിട്ടുള്ളതുമാണ് എന്നും കണ്ടെത്തിയിരുന്നു. കൂടാതെ ടിയാൾ കൈകാര്യം ചെയ്തു വരുന്ന റവന്യൂ വിഭാഗത്തിന്റെ സെക്ഷൻ -4 ലെ പ്രധാന രജിസ്റ്ററായ തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ലായെന്നും പരിശോധനയിൽ കണ്ടെത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിലുള്ള വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ശിപാർശപ്രകാരം മേൽ ക്രമക്കേടുകൾക്ക് ടിയാനെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ/പത്രിക നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

2 കുറ്റാരോപണമെമ്മോ/പത്രികയിന്മേൽ ശ്രീ. ശ്രീജിത്ത് കെ.മോഹൻ യഥാസമയം മറുപടി സമർപ്പിച്ചിട്ടില്ലായെന്ന് കണ്ടെത്തിയതിനാൽ ഇക്കാര്യത്തിൽ ടിയാൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ, ടിയാനെതിരായ ആരോപണങ്ങളെ സംബന്ധിച്ച്

KCS(CC&A) റൂൾ 1960, ചട്ടം 15 (2) പ്രകാരം ഔപചാരികഅന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിൻറ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ലഭ്യമാക്കിയ പരാമർശം 4 റിപ്പോർട്ടിൽ, ശ്രീ. ശ്രീജിത്ത് കെ.മോഹൻ ചങ്ങനാശ്ശേരി നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരവെ 09.05.2024 തീയതിയിൽ മരണപ്പെട്ടതായി കോട്ടയം ജില്ലാ ജോയിൻറ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ടിയാന്റെ മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം നഗരസഭയിലെ റവന്യൂ സെക്ഷൻ എൽ.ഡി.ക്ലാർക്ക് ആയിരുന്ന ശ്രീ. ശ്രീജിത്ത് കെ.മോഹനെതിരായ വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി, ടിയാൻ 09.05.2024 തീയതിയിൽ മരണപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, ടിയാൾക്കെതിരെയുള്ള ആരോപണങ്ങളിൽ സാമ്പത്തിക നഷ്ടമൊന്നും പരാമർശിച്ചിട്ടില്ലാത്തതിനാലും അച്ചടക്കനടപടിയിൽ തുടർനടപടി ഒഴിവാക്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-08-2025 12:14:33
സെക്ഷൻ ഓഫീസർ